നിന്റെ ശ്രദ്ധയിൽപ്പെടുത്താനാണു് ഞാൻ ഈ പ്രശ്നം ഉന്നയിച്ചതു്. അതുകൊണ്ടു് ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി ഗവണ്മെന്റു് എടുക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്.

വ്യവസായമന്ത്രി (ശ്രീ ടി. വി. തോമസു്) : സർ, കണ്ണൂർ സ്പിന്നിംഗ് മിൽ പൂട്ടിയിട്ടിരിക്കുകയാണെന്നുള്ളതു് ശരിയാണു്. എന്നാൽ അതിലെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെംബർമാർ ശരിക്കു മനസ്സിലാക്കിയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുകയാണു്. ഈ മില്ലിന്റെ മറ്റൊരു യൂണിറ്റു് മാഹിയിൽ പ്രവർത്തിക്കുകയാണു്. അങ്ങനെ രണ്ടു സ്റ്റേറ്റിൽ പ്രവർത്തിക്കുന്ന രണ്ടു യൂണിറ്റുകളും ഒരു സ്ഥാപനത്തിന്റെ കീഴിൽ ആയതുകൊണ്ടു് ഈ ഗവൺമെന്റിനു് ഫലപ്രദമായി നടപടികളും നടത്തുന്നതിനു് ബുദ്ധിമുട്ടുണ്ടു്. രണ്ടാമതു്, ഈ മില്ലിന്റെ ആസ്തികളും മുഴുവൻ ഇൻഡ്യൻ ഫൈനാൻസു് കാർപ്പറേഷനിൽ പ്ലെഡ്ജു് ചെയ്തിരിക്കുകയാണു്. സാമ്പത്തികസഹായം ചെയ്യണമെങ്കിൽ സെക്കൻഡു് ചാർജ്ജു് മാത്രമേ കിട്ടുകയുള്ളു സെക്കൻഡു് ചാർജ്ജു് വാങ്ങുന്നതിനുതന്നെ ഫസ്റ്റു് ചാർജ്ജു് കാരനായ കാർപ്പറേഷന്റെ സമ്മതവും വേണം. സമ്മതം ലഭിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. അതുമാത്രമല്ല ഈ മില്ലിന്റെ ഡയറക്ടർമാർ തമ്മിൽ അഭിപ്രായ വ്യത്യാസമുള്ളതുകൊണ്ടു്, സാമ്പത്തികസഹായത്തിനുള്ള ഉറപ്പായി ഗാരണ്ടി നൽകാൻ ഡയറക്ടർമാർ എല്ലാവരുംതന്നെ തയ്യാറാകുകയുമില്ല. ഏതായാലും 10 ലക്ഷം രൂപ ലോൺ ആയി കൊടുക്കാൻ ഫാൻസിലും ഫൈനാൻസുകോർപ്പറേഷനു സാധിക്കുമോ എന്നു നോക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടു്. ഇൻഡ്യൻ ഫൈനാൻസു് കാർപ്പറേഷന്റെ സമ്മതത്തോടുകൂടി സെക്കൻഡു് ചാർജ് വാങ്ങി ഗാരണ്ടി കൊടുക്കുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. വേഗതയോടുകൂടിയും ആത്മാർത്ഥമായും ഇക്കാര്യത്തിൽ ഗവണ്മെന്റു് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. ഒന്നോ രണ്ടോ ആഴ്ചകളിൽ ഒരു തീരുമാനത്തിലെത്താൻ സാധിക്കുമെന്നാണു് ഗവണ്മെന്റിന്റെ പ്രതീക്ഷ. ഇത്രമാത്രമാണു് ഇതേപ്പറ്റി ഈയവസരത്തിൽ പറയാനുള്ളതു്

7. PAPERS LAID ON THE TABLE

Revenue Minister (**Smt: K. R. Gouri**) : Sir, I lay on the table:

(a) a copy of the Notification No. 19160/D4/68/RD dated 22nd October, 1968 (S. R. O. No. 414/68) issued by the Government under section 7 of the Kerala Land Assignment Act, 1960 (30 of 1960) containing amendment to the Rules for the Lease of Government Lands for Cardamom Cultivation, 1961.

(b) A copy of the G. O. MS. 376/69/RD dated 30th July 1969 (S.R.O. No. 315/69) issued by the Government under clause (a) of sub-section (1) of section 9 of the Kerala Stamp Act, 1959 (17 of 1959).

Transport Minister (**Shri E. K. Imbichi Bava**) : I lay on the Table.

(a) A copy of the Notification G. O. (P) 13/69/Plg. dated 16th July 1969 (S R.O. No. 289/69) issued by the Government under sub-section (1) of section 2 of the Kerala Public Services Act, 1968 (19 of 1968) containing amendments to Special Rules in respect of the Kerala Statistics and Economics Service.

(b) A copy each of the following Notifications issued by the Government under section 68 of the Motor Vehicles Act, 1939 (Central Act 4 of 1939).

(i) Notification G.O. (P) No. 36/PW dated 21st February 1969 (S.R.O. No. 102/69).

LIBRARY ARCHIVES Kerala Legislative Assembly

(ii) Notification G.O. (P) No. 38/PW dated 22nd February 1969 (S.R.O. No. 110/69).

(iii) Notification G.O. (P) No. 56/PW dated 18th March 1969 (S.R.O. No. 131/69).

8. LEGISLATIVE BUSINESS

The Sree Pandaravaka Lands (Vesting and Enfranchisement) Bill, 1968

Revenue Minister (**Smt. K. R. Gouri**) : Sir, I present the Report of the Select Committee on the Sree Pandaravaka Lands (Vesting and Enfranchisement) Bill, 1968.

9. ACTION TAKEN IN RESPECT OF THE PERSONS SENTENCED FOR GROSS CONTEMPT OF THE HOUSE

മി. സ്പീക്കർ: കഴിഞ്ഞ ഒരു ദിവസം ഗാലറിയിലിരുന്ന് ശബ്ദമുണ്ടാക്കിയ ചില ആളുകളെ സഭ രണ്ടുമാസത്തേക്ക് ശിക്ഷിച്ച് ജയിലിലേക്കയച്ച വിവരം സഭയ്ക്ക് ഓർമ്മയുണ്ടെന്നു ഞാൻ വിചാരിക്കുകയാണ്. ശിക്ഷക്കാലം ഇനി അഞ്ചോ ആറോ ദിവസമേ ഉള്ളൂ. അതിനിടയിൽ സമ്മേളനം ഇല്ലാതിരുന്ന അവസരത്തിൽ അവർ മാപ്പപേക്ഷ അയച്ചിട്ടുണ്ട്. കഴിഞ്ഞ 23-ാം തീയതി ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയപ്പോൾ ഇതിനെപ്പറ്റി എന്തുവേണമെന്ന് ആലോചിച്ചു. മാപ്പപേക്ഷ വന്നിരിക്കുന്ന സ്ഥിതിക്കും അവർ ഇറങ്ങാൻ ഇനി അഞ്ചാറു ദിവസമേ ഉള്ളൂ എന്ന നിലയിലും മാപ്പപേക്ഷ അനുവദിച്ച് അവരെ ഇറക്കുന്നതിനു അനുവാദം കൊടുക്കാമെന്നു് ഏകകണ്ഠമായി അഭിപ്രായപ്പെടുകയും ചെയ്തു. ഇതേക്കുറിച്ച്, ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുമായി സംസാരിക്കണമെന്നുണ്ടായിരുന്നു; എന്നാൽ അതിനു് സമയം കിട്ടിയില്ല. ഏതായാലും സഭയുടെയുംകൂടി അനുവാദമുണ്ടെങ്കിലേ ഇതു ചെയ്യാൻ ഒക്കുകയുള്ളൂ. മേൽപറഞ്ഞ തീരുമാനത്തിനു് സഭയുടെ അംഗീകാരമുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. അവരെ ഇറക്കിവിടാൻ അനുവദിക്കാമെന്നാണു് വിചാരിക്കുന്നതു്.

(The House signified its assent)

10. LEGISLATIVE BUSINESS—(*Contd.*)

The Kerala Land Reforms Amendment Bill 1968—(*Contd.*)

Mr Speaker: We will now resume discussion on the motion that the Kerala Land Reforms (Amendment) Bill be taken into consideration. Shri P. R. Madhavan Pillai was speaking on the last day.

ശ്രീ. പന്തളം പി. ആർ മാധവൻപിള്ള : സർ, കഴിഞ്ഞ ദിവസം ഞാൻ സംസാരിച്ചുകൊണ്ടിരുന്നതു് കുടികിടപ്പുകാർക്കു് ഈ ഭൂപരിഷ്കരണബിൽ പുതുതായി കൊടുത്തിരിക്കുന്ന അവകാശങ്ങളെപ്പറ്റിയായിരുന്നു. ഇവിടെ അവതരിപ്പിച്ച രൂപത്തിലുള്ള ബില്ലിൽ, കുടികിടപ്പുകാർക്ക് അവരുടെ കുടികിടപ്പു വിലയ്ക്കുവാങ്ങുന്നതിനു് വ്യവസ്ഥയൊന്നും ചെയ്തിരുന്നില്ല. നാട്ടിൻപുറത്താണെങ്കിൽ 10 സെന്റു ഭൂമിയും മേജർമുനിസിപ്പാലിറ്റികളിലും കാർപ്പറേഷനുകളിലുമാണെങ്കിൽ 3 സെന്റു ഭൂമിയും മറ്റു മുനിസിപ്പാലിറ്റികളിൽ 5 സെന്റു ഭൂമിയും കുടികിടപ്പിനു ചുറ്റുമായി കുടികിടപ്പുകാരനു് വാങ്ങിക്കുന്നതിനുള്ള വ്യവസ്ഥ ആ ബില്ലിൽ ചെയ്തിരുന്നില്ല. പക്ഷേ സെലക്ട് കമ്മിറ്റി വന്നപ്പോൾ എല്ലാവരുംകൂടി അംഗീകരിച്ചാണു് ഈ തരത്തിൽ ഭൂമി വിലയ്ക്കുവാങ്ങാൻ കുടികിടപ്പുകാരനു് അവകാശം കൊടുക്കണമെന്ന വ്യവസ്ഥചെയ്തതു്. എന്നാൽ അതിനകത്തും, ഉടമസ്ഥന്റെ

LIBRARY ARCHIVES Kerala Legislative Assembly